**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1545** **12-02-2025 - ൽ മറുപടിയ്ക്ക്**

**റീ-സർവ്വെ പ്രവർത്തനങ്ങളുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സർവ്വെ വകുപ്പ് നടപ്പിലാക്കി വരുന്ന റീ-സർവ്വെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ നടപടികളാണ് നിലവിൽ നടന്നു വരുന്നത്. ഡിജിറ്റൽ സർവെയുടെ ആദ്യഘട്ടത്തിലെ 200 വില്ലേജുകളിലും രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുത്ത 239 വില്ലേജുകളിൽ 43 വില്ലേജുകളിലും അടക്കം ആകെ 243 വില്ലേജുകളിൽ ഫീൽഡ് ജോലി പൂർത്തിയാക്കി, സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ സർവെ രണ്ടാം ഘട്ടത്തിൽ ആരംഭിച്ച മറ്റ് വില്ലേജുകളിൽ സർവെ നടപടികൾ പുരോഗമിക്കുന്നു.ഡിജിറ്റൽ റീസർവെ മൂന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്ത വില്ലേജുകളുടെ പ്രാരംഭ ഘട്ട നടപടികൾ നടക്കുകയാണ്.<br><br>കാസർഗോഡ് ജില്ലയിലെ ഉജ്ജാർ ഉൾവാർ വില്ലേജിൽ സർവെ അതിരടയാള നിയമ പ്രകാരമുള്ള സെക്ഷൻ 13 നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. |
| (ബി) | 2022 നവംബർ 1-ന് ആരംഭിച്ച ഡിജിറ്റൽ സർവ്വെയുടെ പ്രവർത്തനം എത്രത്തോളം നടത്താൻ കഴിഞ്ഞിട്ടുണ്ടെന്നും എന്ന് പൂർത്തീകരിക്കാൻ കഴിയും എന്നും വിശദമാക്കാമോ? | (ബി) | ഡിജിറ്റൽ സർവെയുടെ ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 200 വില്ലേജുകളുടെയും, രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത 239 വില്ലേജുകളിൽ 43 വില്ലേജുകളുടെയും ഫീൽഡ് ജോലി പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 9(2) പ്രസിദ്ധീകരണം നടത്തിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ഉജ്ജാർ ഉൾവാർ വില്ലേജിൽ സർവെ അതിരടയാള നിയമപ്രകാരമുള്ള സെക്ഷൻ 13 പ്രസിദ്ധപ്പെടുത്തുകയും ILIMS പോർട്ടൽ മുഖാന്തിരം റവന്യൂ ഭരണത്തിന് കൈമാറുകയും ചെയ്തിട്ടുള്ളതാണ്. 05/02/2025 വരെ സർവെ അതിരടയാള നിയമപ്രകാരമുള്ള 9(2) വിജ്ഞാപനം പ്രസിദ്ധീകരിച്ച 243 വില്ലേജുകളിലെ 44.16 ലക്ഷം ലാൻഡ് പാർസലുകളിലായി 5.95 ലക്ഷം ഹെക്ടർ ഭൂമിയുടെ സർവെ ഡിജിറ്റലായി ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്. 2022 നവംബർ 1 ന് |

| | | | |
|---|---|---|---|
| | | | ഔദ്യോഗികമായി ഡിജിറ്റൽ റീസർവെ പദ്ധതി ഉദ്ഘാടനം ചെയ്ത് ആരംഭിച്ചുവെങ്കിലും സാങ്കേതിക ഉപകരണങ്ങളുടെ ലഭ്യത, ജീവനക്കാരുടെ നിയമനം എന്നിവ സാധ്യമാക്കുന്നതിന് എടുത്ത കാലതാമസം തുടക്കത്തിൽ തടസ്സങ്ങൾ ഉണ്ടാക്കിയിരുന്നതിനാൽ 2023 ആഗസ്റ്റ് മാസം മുതലാണ് പൂർണ്ണ തോതിൽ ഡിജിറ്റൽ റീസർവെ നടപടികൾ ആരംഭിച്ചത്.<br><br>സംസ്ഥാനത്ത് 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ റിക്കാർഡുകൾ നാലു വർഷം കൊണ്ട് പൂർത്തിയാക്കുവാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ